(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ബാങ്ക് പുറപ്പെടുവിച്ച എല്ലാ സർക്കുലറുകളുടെയും ഓരോ കോപ്പി ലഭ്യമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*:

(എ) കരാറിൽ ഏർപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിയമവ്യവസ്ഥകൾ നിലവിലില്ല.

(ഡി) ബാധകമല്ല.

'ജിം'-നോടനുബന്ധിച്ചുള്ള നിക്ഷേപം

*7 [83] *ശ്രീ. കെ. കെ. ഷാജു:*

" *എ. എൻ. രാജൻ ബാബു:*

" *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജിം'-നുശേഷം സംസ്ഥാനത്ത് പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 'ജിം'-നോടനുബന്ധിച്ച് സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായി എന്നു വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) 'ജിം'-നുശേഷം സംസ്ഥാനത്ത് പുതുതായി 36 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 'ജിം'-നോടനുബന്ധിച്ച് ഒപ്പുവച്ചതും അല്ലാത്തതുമായി 367.51 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

ആറാട്ടുപുഴ പ്രദേശത്തെ കരിമണൽ ഖനനം

*8 [84] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

" *എം. മുരളി:*

" *ഇ. എം. അഗസ്തി:*

" *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ പ്രദേശത്തുനിന്ന് കരിമണൽ ഖനനം നടത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ചിരുന്ന ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചുവോ;

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉപാധികൾക്കു വിധേയമായി കരിമണൽ ഖനനം നടത്താമെന്നാണ് പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) കരിമണൽ ഖനനത്തിന് ഏതെല്ലാം വകുപ്പുകളുടെ അനുമതിയാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ നിർദ്ദേശിച്ച ഉപാധികൾ ചുവടെ നൽകുന്നു:

(1) ആറാട്ടുപുഴ-തൃക്കുന്നപ്പുഴ ഭാഗത്ത് കടൽത്തീരത്ത് താഴ്ന്നിരപ്പിൽ നിന്നും 30 cm-ൽ കൂടാത്ത താഴ്ചയിൽ മാത്രം കരിമണൽ വാരിയെടുത്തു ശേഖരിക്കാവുന്നതാണ്.

(2) ബാരിയർ ബീച്ചിൽനിന്നും കരിമണൽ ഒന്നുമുതൽ രണ്ട് മീറ്റർ വരെ താഴ്ചയിൽ ചെറുകിട ഡ്രഡ്ജ് ഉപയോഗിച്ച് ചെറിയ ഭാഗങ്ങളിൽനിന്നും എടുക്കാവുന്നതാണ്. കരിമണൽ മാറ്റുന്നതോടൊപ്പംതന്നെ ഇപ്രകാരം ഉണ്ടാവുന്ന പ്രസ്തുത കുഴികൾ നികത്തേണ്ടതുമാകുന്നു.

(3) കായലിന്റെ അടിത്തട്ടിലുള്ള കരിമണൽ കൂട്ടുകൾ ഉപയോഗിച്ച് മുങ്ങിവാരാവുന്നതാണ്.

(4) മേൽപ്പറഞ്ഞരീതിയിലുള്ള ഖനനപ്രവർത്തനങ്ങൾ ഒരു വർഷം നിരീക്ഷിച്ചശേഷം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കണ്ടെത്തലുകൾക്കും ശുപാർശകൾക്കും അനുസരിച്ച് കൂടുതൽ വലിപ്പമുള്ള ഡ്രഡ്ജറുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(5) മൈൻസ് ആന്റ് മിനറൽസ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട് 1957-ൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിയമങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം.

(6) ടി നിയമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഒരു ആഫീസ് ആറാട്ടുപുഴ-തൃക്കുന്നപ്പുഴ ഭാഗത്ത് ആരംഭിക്കേണ്ടതാണ്.

(സി) താഴെപ്പറയുന്ന കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളിൽനിന്നും ഖനന പാട്ടത്തിനുള്ള അനുമതി വാങ്ങിക്കേണ്ടതുണ്ട്:

1. ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ് അംഗീകരിച്ച മൈൻ പ്ലാൻ.
2. കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയത്തിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതിക ആഘാതം സംബന്ധിച്ച ക്ലിയറൻസ്.
3. സി. ആർ. ഇസഡ്. അതോറിറ്റിയിൽനിന്നുള്ള ക്ലിയറൻസ്.

LIBRARY ARCHIVES Kerala Legislative Assembly

4. അറ്റോമിക് എനർജി വകുപ്പിൽനിന്നുമുള്ള ക്ലിയറൻസ്.

5. അറ്റോമിക് റഗുലേറ്ററി ബോർഡിന്റെ അംഗീകാരം.

6. അറ്റോമിക് മിനറൽ ഡയറക്ടറേറ്റിൽനിന്നും ലഭിക്കേണ്ട അനുമതികൾ.

7. റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട എൻ. ഒ. സി.

ഐ. ടി. ഐ.കളിലെ പുതിയ കോഴ്സുകൾ

*9 [85] *ശ്രീ. കെ. എൻ. എ. ഖാദർ:*
„ *സി. ടി. അഹമ്മദ് അലി:*
„ *സി. മോയിൻകുട്ടി:*
„ *നാലകത്ത് സൂപ്പി:*
„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. റ്റി. ഐ.കളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ കോഴ്സുകൾ എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):*

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഐ. റ്റി. ഐ.കളിൽ, കോഴ്സുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽസാദ്ധ്യത കുറഞ്ഞ പഴയ ട്രേഡുകൾ നിർത്തലാക്കി കൂടുതൽ തൊഴിൽസാദ്ധ്യതയുള്ള പുതിയ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ) പ്രകാരം സംസ്ഥാനത്തെ 5 ഐ. ടി. ഐ. കളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാനും ഉദ്ദേശിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2005-06 അദ്ധ്യയനവർഷം ആരംഭിക്കാനാണുദ്ദേശിക്കുന്നത്.

---

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly